12667
7/6/17

കേരള സർക്കാർ

## സംഗ്രഹം

പിന്നാക്ക വിഭാഗ വികസനം - പിന്നോക്ക വിഭാഗ വികസന വകുപ്പ് - കോഴിക്കോട്, എറണാകുളം മേഖലാ ഓഫീസുകളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവന കാലാവധി 89 ദിവസത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

==============================================================

## പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ. ഉ (സാധാ ) നം. **59/2017**/പിവിവിവ. തീയതി, തിരുവനന്തപുരം 26.05.2017.

==============================================================

പരാമർശം:- 1. സ. ഉ (സാധാ ) നമ്പർ. 08/2017/പിവിവിവ. തീയതി 25.01.2017.

2. പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 31.03.2017 -ലെ BCDD-A1-3088/16 നമ്പർ കത്ത്.

## ഉത്തരവ്

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ടൂൾ കിറ്റ് ഗ്രാന്റ് പദ്ധതിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് വകുപ്പിന്റെ കോഴിക്കോട്, എറണാകുളം, മേഖലാ ഓഫീസുകളിൽ പരമാവധി 89 ദിവസത്തേയ്ക്ക്, ബിരുദവും കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഡിപ്ലോമ യോഗ്യതയുമുള്ള 3 പേരെ വീതം താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുവാൻ പരാമർശ ഉത്തരവ് പ്രകാരം ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനമൊട്ടാകെ നിന്നും 29155 . അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ 4361 അപേക്ഷകരുടെ ഡാറ്റാ എൻട്രി മാത്രമേ പൂർത്തിയായിട്ടുള്ളൂവെന്നും ശേഷിക്കുന്ന അപേക്ഷകൾ കൂടി സൂക്ഷ്മ പരിശോധന നടത്തി ഡാറ്റാ എൻട്രി പൂർത്തികരിക്കുന്നതിന് നിലവിൽ ജോലി ചെയ്തുവരുന്നവരെ 89 ദിവസം കൂടി താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്ത് മുഖേന പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു 2016-17 വർഷം ലഭ്യമായ എല്ലാ അപേക്ഷകളുടെയും ഡാറ്റാ എൻട്രി പൂർത്തീകരിക്കുന്നതിന്, നിലവിൽ എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിൽ ജോലി ചെയ്തുവരുന്ന 6 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം 89 ദിവസത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നതിനും ഇതിനാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തെ 2225-03-001-99-02 (NP) എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കർശനമായ മേൽനോട്ടം നിർവ്വഹിച്ച് സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തിയാക്കാനും ഉത്തരവാകുന്നു

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**ജെസ്സി ജോർജ്ജ്**
**ഡെപ്യൂട്ടി സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ &ഇ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതു ജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻപ്രകാരം,**

**സെക്ഷൻ ഓഫീസർ**